# ഇന്ത്യ നിയമങ്ങൾ മാറ്റിയെഴുതുന്നു; അമേരിക്ക കല്പിച്ച പടി

**സുധീർകുമാർ**

**പു**തിയ പേറ്റന്റ് നിയമം നടപ്പിൽ വരുന്നതോടെ വിവിധ മേഖലകളിലെ നാട്ടറിവുകളുടെ ഉപയോഗം നിരോധിക്കപ്പെടും. എല്ലാ നാട്ടറിവുകളും പുതിയ കണ്ടുപിടുത്തങ്ങളായി രജിസ്റ്റർ ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ഇന്ത്യയുടെ പേറ്റന്റ് നിയമം 1999 ഏപ്രിൽ 19-ന് മുമ്പ് തങ്ങൾ നിർദേശിച്ച രീതിയിൽ ഭേദഗതി ചെയ്യണമെന്ന് ലോക വ്യാപാര സംഘടന അന്ത്യശാസനം നല്കിയിരിക്കുന്നു. 'ഞങ്ങളുടെ നിയമം മാറ്റിയെഴുതാൻ കല്പിക്കുന്നതിന് നിങ്ങൾക്കെന്തവകാശം' എന്നു ചോദിക്കാൻ നില്ക്കാതെ നമ്മുടെ സ്വദേശി സർക്കാർ നല്ലകുട്ടി ചമയാൻ പെടാപ്പാട് പെടുകയാണ്. പേറ്റന്റ് ബിൽ ഡിസംബറിലെ പാർലമെന്റ് സമ്മേളനം അവസാനിക്കുന്നതിനു മുമ്പു തന്നെ പാസാക്കിയെടുത്ത് അമേരിക്കയുടെ നല്ലകുട്ടിയാകാൻ സ്വദേശി പ്രധാനമന്ത്രി ശ്രമിച്ചെങ്കിലും സംഗതി രാജ്യസഭയിൽ മാത്രമേ തല്ക്കാലം പാസായിട്ടുള്ളൂ. ലോകവ്യാപാര സംഘടന പറഞ്ഞ തിയതിക്കുള്ളിൽ ഈ ബിൽ പാസാക്കിയെടുക്കാനായി ലോക്സഭയുടെ ബജറ്റ് സമ്മേളനം കഴിയുന്നത്ര നേരത്തെതന്നെ വിളിച്ചുചേർക്കുമെന്നുറപ്പിക്കാം. അന്നേക്ക് സംഗതി ശരിയാക്കിയില്ലെങ്കിൽ ഞങ്ങളുടെ സ്വഭാവം മാറുമെന്ന് അമേരിക്കയും യൂറോപ്യൻ രാഷ്ട്രസമൂഹവും താക്കീത് നല്കിയിട്ടുണ്ട്.

## എന്താണ് പേറ്റന്റ്?

ഒരു കണ്ടുപിടുത്തത്തിന്മേലുള്ള കുത്തകാവകാശത്തിനാണ് പേറ്റന്റ് എന്നു പറയുന്നത്. ഒരാൾ കുറേയേറെ സമയവും പണവും മെനക്കെടുത്തി ഒരു പദാർത്ഥമോ യന്ത്രമോ കണ്ടുപിടിക്കുന്നു; അതിനുശേഷം കണ്ടുപിടിച്ചയാളുണ്ടാക്കിയ പദാർത്ഥമോ യന്ത്രമോ വാങ്ങിനോക്കി അതുണ്ടാക്കുന്ന വിധം സൂത്രത്തിൽ മനസ്സിലാക്കിയ രണ്ടാമതൊരാൾ അതേ സാധനം ഉണ്ടാക്കി വില്ക്കുന്നു- ഇതു ശരിയല്ലല്ലോ. ഇത്തരം കാര്യങ്ങൾ നിയന്ത്രിക്കാനാണ് എല്ലാ രാജ്യങ്ങളും പേറ്റന്റ് നിയമങ്ങളുണ്ടാക്കുന്നത്.

'ഇന്ത്യൻ പേറ്റന്റ്സ് ആൻഡ് ഡിസൈൻസ് ആക്ട്' എന്ന നിയമമാണ് 1911 മുതൽ 1970 വരെ ഇന്ത്യയിലുണ്ടായിരുന്നത്.

1970 സെപ്റ്റംബറിലാണ് ആ നിയമത്തിലെ അപര്യാപ്തതകൾ പരിഹരിച്ചുകൊണ്ടുള്ള വിപുലമായ പേറ്റന്റ് നിയമം ഇന്ത്യയിൽ നിലവിൽ വന്നത്.

ഇന്നത്തെ അവസ്ഥയിൽ ഇന്ത്യൻ ജനതയ്ക്ക് ഏറെ ഉപകാരപ്രദമായ ഒരു നിയമമാണ് അത്- അതുകൊണ്ടാണ് അതു തങ്ങൾ പറയുന്നപോലെ മാറ്റിയെഴുതാൻ ലോക വ്യാപാരസംഘടന നിർബന്ധിക്കുന്നതും.

### 1. ഇന്ത്യൻ പേറ്റന്റ് നിയമത്തിലെ ഗുണവശങ്ങൾ

മരുന്നുകൾക്ക് കുത്തകാവകാശം നല്കില്ല. മനുഷ്യന്റെയോ മൃഗങ്ങളുടെയോ; രോഗം മാറ്റുന്നതിനോ രോഗപ്രതിരോധം ലഭിക്കുന്നതിനോ രോഗനിർണ്ണയം നടത്തുന്നതിനോ ശസ്ത്രക്രിയ നടത്തുന്നതിനോ ഉപയോഗപ്പെടുത്താവുന്ന യാതൊരു മരുന്നുകൾക്കും സാമഗ്രികൾക്കും കണ്ടുപിടുത്ത കുത്തകാവകാശം നല്കുന്നതല്ല.

ജീവൻ രക്ഷിക്കുന്ന ഔഷധങ്ങളുടെ കാര്യത്തിൽ ഒരുവനും കുത്തകാവകാശം നല്കാനാവില്ലെന്നും ആ കണ്ടുപിടുത്തം ആർക്കും ഉപയോഗിക്കാവുന്ന വിധത്തിൽ സമൂഹത്തിന്റെ പൊതുസ്വത്തായിരിക്കുമെന്നും പ്രഖ്യാപിക്കുന്ന ശ്രേഷ്ഠമായ ഒരു നിയമമാണിത്. പുതിയ നിയമനിർമ്മാണം വഴി ആദ്യം കോടാലി വീഴുന്നതും ഈ നിയമത്തിന്റെ കടയ്ക്കൽതന്നെ.

അതായത്; ചുക്കും കുരുമുളകും തിപ്പലിയും കൂടി പൊടിച്ചെടുത്ത് അല്പം കൽക്കണ്ടവും ചേർത്തു തുടർച്ചയായി കഴിച്ചാൽ ചുമയും ശ്വാസതടസവും മാറുമെന്ന് ഒരാൾ കണ്ടെത്തിയെന്നിരിക്കട്ടെ. ഇപ്പോൾ നിലവിലുള്ള നിയമമനുസരിച്ച് ആ കണ്ടുപിടുത്തം കണ്ടുപിടിച്ചയാൾക്ക് കുത്തകയാക്കാനാവില്ല. ഏതു വ്യക്തിക്കും ഏതു കമ്പനിക്കും ആ ഫോർമുലയനുസരിച്ച് മരുന്നുണ്ടാക്കി തങ്ങൾക്കിഷ്ടമുള്ള ഒരു പേരുമിട്ട് വിൽക്കാം; വാങ്ങുന്നയാൾക്ക് സൗകര്യംപോലെ അതിൽനിന്നും ഒരെണ്ണം വാങ്ങി ഉപയോഗിക്കാം. പുതിയ നിയമം വരുന്നതോടെ അതു നടപ്പില്ല. കണ്ടുപിടിച്ചവൻ സ്വന്തമായോ അല്ലെങ്കിൽ അയാൾക്കു പണം നല്കി അവകാശം തീറ് വാങ്ങുന്നയാളോ മാത്രമേ

ശേഷം പേജ് 5ൽ

# നിയമങ്ങൾ മാറ്റിയെഴുതുന്നു

1-ാം പേജ് തുടർച്ച

ആ മരുന്നുണ്ടാക്കാൻ പാടുള്ളൂ. അങ്ങനെ വരുമ്പോൾ ഒരു കമ്പനി മാത്രമേ ആ മരുന്നുണ്ടാക്കൂ– അതിന് അവർ നിശ്ചയിക്കുന്ന വില കൊടുക്കേണ്ടിയും വരും.

## 2. ഉത്പന്നത്തിന് കുത്തകാവകാശം നല്കില്ല; ഉത്പാദന പ്രക്രിയയ്ക്കേ നല്കൂ!

ഭക്ഷണാവശ്യത്തിനോ ഔഷധാവശ്യത്തിനോ ഉപയോഗിക്കുന്ന ഒരു പദാർത്ഥം ഒരാൾ കണ്ടുപിടിച്ചാൽ ആ പദാർത്ഥത്തിന് കുത്തകാവകാശം നല്കില്ല; അയാൾ അതുണ്ടാക്കുന്ന സാങ്കേതികവിദ്യക്കു മാത്രമേ പേറ്റന്റ് നല്കൂ.

ഉദാഹരണത്തിന്, ഉണക്കിയ ഗോതമ്പ് തിളപ്പിച്ച പാലിൽ കുതിർത്തു വീണ്ടും ഉണക്കിയശേഷം മില്ലിലിട്ടു പൊടിച്ചെടുക്കുന്ന പൊടി ഒരു നല്ല ശിശു ഭക്ഷണമാണെന്ന് ഒരാൾ കണ്ടെത്തിയെന്നിരിക്കട്ടെ. നിലവിലുള്ള നിയമമനുസരിച്ച് 'ഉണക്കിയ ഗോതമ്പ് തിളപ്പിച്ച പാലിൽ മുക്കി ഉണക്കി പൊടിക്കുന്ന' പ്രക്രിയയ്ക്ക് അയാൾക്കു പേറ്റന്റ് നല്കും. പക്ഷേ, ഈ വിദ്യ മനസ്സിലാക്കിയ വേറെയാൾക്കാർക്കു പ്രക്രിയയിൽ ചില മാറ്റങ്ങൾ വരുത്തി ഇതേ ഉത്പന്നമുണ്ടാക്കാം– ഗോതമ്പ് പൊടിയും പാൽപ്പൊടിയും വെള്ളത്തിൽ ലയിപ്പിച്ച് വീണ്ടും പൊടിയാക്കുന്ന വേറൊരു വഴിയിലൂടെ ആദ്യത്തെയാൾ കണ്ടുപിടിച്ച അതേസാധനം തന്നെ ഉണ്ടാക്കാം വേറൊരാൾക്ക്. അവസാനം ഉണ്ടാക്കുന്ന സാധനം ഒന്നാണെങ്കിലും ഉണ്ടാക്കുന്ന രീതി വ്യത്യസ്തമായതിനാൽ രണ്ടാൾക്കും പേറ്റന്റ് ലഭിക്കും. ഇന്ത്യയിൽ ഇന്നുപയോഗിക്കുന്ന പല ഔഷധച്ചേരുവകളും താങ്ങാവുന്ന വിലയ്ക്ക് ഉണ്ടാക്കാനാവുന്നത് ഈ നിയമം ഉള്ളതുകൊണ്ടാണ്. ഇതും പുതിയ നിയമത്തിൽ മാറ്റിയെഴുതും. ഉണ്ടാക്കുന്ന പ്രക്രിയയ്ക്കല്ല ഉണ്ടാക്കുന്ന ഉത്പന്നത്തിനാണ് ഇനി പേറ്റന്റ് നല്കുക.

## 3. നിർബന്ധ ലൈസൻസ് സമ്പ്രദായം

ഒരാൾ ഒരു കണ്ടുപിടുത്തം നടത്തി അതിനു പേറ്റന്റ് അവകാശം നേടി എന്നു കരുതുക. പേറ്റന്റ് അവകാശം നേടിയ ശേഷം മൂന്നുവർഷത്തിനകം അയാൾ ആ ഉത്പന്നം ഇന്ത്യയിലെ പൊതുജനങ്ങൾക്ക് ആവശ്യമായത്രതോതിൽ നിർമ്മിച്ച്, ന്യായമായ വിലയ്ക്ക് വില്ക്കാൻ ബാദ്ധ്യസ്ഥനാണ്– നിലവിലുള്ള നിയമപ്രകാരം. അങ്ങനെ ചെയ്തില്ലെങ്കിലോ? ഇന്നയാൾ പേറ്റന്റെടുത്തിട്ടുള്ള ഇന്ന സാധനം ഇന്ത്യയിലെ ജനങ്ങൾക്ക് ഇന്ന് ആവശ്യമുള്ളതാണെന്നും എന്നാൽ, പേറ്റന്റ് അവകാശി ആ സാധനം ഉത്പാദിപ്പിച്ചു വിതരണം നടത്തുന്നില്ല അഥവാ വേണ്ടത്ര ഉത്പാദിപ്പിക്കുന്നില്ല അഥവാ അമിത വില ചുമത്തിയിരിക്കുന്നു എന്നും കാണിച്ച് കൺട്രോളർ ജനറൽ ഓഫ് പേറ്റന്റ്സിന് ഒരു പരാതി നല്കിയാൽ, ആ പരാതി ന്യായമെന്നു ബോദ്ധ്യപ്പെടുന്നപക്ഷം, ആ സാധനം നിർമ്മിക്കാനുള്ള അവകാശം ഒരു 'നിർബന്ധ ലൈസൻസ്' വഴി പരാതിക്കാരനു നല്കാനുള്ള അവകാശം കൺട്രോളർക്കുണ്ട്.

പേറ്റന്റ് നിയമത്തിലെ ഏറ്റവും ഉജ്വലമായ വ്യവസ്ഥ എന്നറിയപ്പെടുന്ന ഇതും പുതിയ നിയമം ഇല്ലാതാക്കുന്നു. പുതിയ നിയമമനുസരിച്ച്, ഒരാൾ പേറ്റന്റെടുത്ത ഒരു കണ്ടുപിടുത്തം അതെത്ര ജനോപകാരപ്രദമായാലും ശരി, അയാൾക്കിഷ്ടമില്ലെങ്കിൽ ഉത്പാദിപ്പിക്കേണ്ടതില്ല. മറ്റൊരാൾ അതുണ്ടാക്കാനും പാടില്ല. അതായത് ഒരു ശാസ്ത്രജ്ഞൻ എയ്ഡ്സിനു മരുന്ന് കണ്ടുപിടിച്ചുവെന്നും അതിനു പേറ്റന്റ് എടുത്തു എന്നും കരുതുക. അയാൾ അതു നിർമ്മിക്കുകയോ നിർമ്മിക്കാൻ അംഗീകാരം നല്കുകയോ ചെയ്തില്ലെങ്കിൽ ആ ഔഷധം ഒരിക്കലും മനുഷ്യവംശത്തിന് ഉപയോഗിക്കാനാവില്ല എന്നർത്ഥം.

## 4. നീതിക്കു നിരക്കുന്ന നിയമങ്ങൾ

നിലവിലുള്ള നിയമമനുസരിച്ച്, തങ്ങളുടെ പേറ്റന്റവകാശം മറ്റൊരാൾ ലംഘിച്ചുവെന്നുള്ള കേസിൽ, കുറ്റം ചെയ്ത കാര്യം തെളിയിക്കേണ്ടത് പേറ്റന്റുടമയാണ്. പുതിയ നിയമത്തിൽ അതു തിരിച്ചിട്ടിരിക്കുകയാണ്.

പ്രതി കുറ്റം ചെയ്തു എന്നു തെളിയിക്കേണ്ടതു വാദിയുടെ ചുമതലയാണ് എന്നാണ് പൊതുവിലുള്ള നീതിശാസ്ത്രം. പക്ഷേ, ഇവിടെ ഞാൻ കുറ്റം ചെയ്തിട്ടില്ല എന്നു തെളിയിക്കേണ്ട ചുമതല പ്രതിയുടെമേൽ കെട്ടിവയ്ക്കുകയാണ്. (ബലാൽസംഗം ചെയ്യപ്പെട്ട സ്ത്രീകളും മറ്റും കൊടുക്കുന്ന കേസുകളിൽ, അതിന്റെ സവിശേഷത കൊണ്ട് ഇത്തരം നിബന്ധന വച്ചിട്ടുണ്ട്)

പുതിയ നിയമത്തിലെ, ഞെട്ടിപ്പിക്കുന്ന വ്യവസ്ഥകൾ ഇവയാണ്. ഇത്രയും പ്രത്യാഘാതങ്ങളുണ്ടാക്കാത്തവയാണെങ്കിലും പുതിയ ഓരോ ഭേദഗതിയും ഭാരതജനതയെ ദോഷകരമായി ബാധിക്കുന്നതാണ്. നിയമം ഇപ്പോൾ പാസാക്കി തന്നാൽ മതി; 2005 മുതലേ നിങ്ങളതു നടപ്പിലാക്കേണ്ടൂ എന്നൊരു ഔദാര്യം ലോകവ്യാപാരസംഘടന അനുവദിച്ചിട്ടുണ്ട്. അതായത്, വായുഗുളിക വാങ്ങുവാൻ പോകുന്ന വെപ്രാളവുമായി ഇപ്പോൾ തിരക്കിട്ട് പാസാക്കിയെടുക്കുന്ന ഈ നിയമത്തിന്റെ നീരാളിക്കൈകൾ ഇന്ത്യക്കാരന്റെ ചോരയൂറ്റാൻ പോകുന്നത് 7 വർഷം കൂടി കഴിഞ്ഞിട്ടാണ്. ആസനത്തിനടിയിൽ ബോംബാണെങ്കിലും അതു പൊട്ടാൻ അഞ്ച് മിനിറ്റ് കൂടിയുണ്ടല്ലോ എന്ന മട്ടിലൊരു ആശ്വാസം. അന്ന് ആരെയെങ്കിലും കുറ്റം പറഞ്ഞ് തടിതപ്പാമെന്ന രാഷ്ട്രീയ ബുദ്ധിയുമായാണ് ഇന്നത്തെ സർക്കാരിന്റെ നീക്കം. പക്ഷേ, ഒന്നുറപ്പാണ്– മറ്റെന്തൊക്കെ മറന്നാലും പൊറുത്താലും ശരി, ഭാരതീയ ജനതയുടെ സ്വന്തം നിയമവ്യവസ്ഥകളെ അമേരിക്കൻ പോലീസിന്റെ ഭീഷണിക്കു വഴങ്ങി മാറ്റിയെഴുതിയ ഈ ദേശീയ വഞ്ചന വളരുന്ന തലമുറ മറക്കില്ല.

വന്ദേ മാതരം!

(തുടരും)